ശ്രീ. ഇ. അഹമ്മദ് : ഇൻറർവ്യൂ കാർഡ് തപാലിച്ച് കിട്ടുകയെന്നുള്ളത് ചില റെപ്പെട്ട സംഭവമായിട്ടാണ് ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. എങ്കിലും അതിന് മതിയായ കാരണങ്ങളും ഉണ്ടെങ്കിൽ അത് കൺഡോൺ ചെയ്ത് കൊടുക്കുവാനും അവരെ ഇൻറർവ്യൂ ചെയ്യുവാനോ അല്ലെങ്കിൽ അടുത്ത കൊല്ലത്തേക്ക് എങ്കിലും ഇൻറർവ്യൂ ചെയ്യുവാനോ ഉള്ള നടപടികളാണ് സ്വീകരിക്കുന്നത്.

ശ്രീ. ബേബി ജോൺ : സ്വയം ഞാഴിൽ കണ്ടെത്തലിനുവേണ്ടിയുള്ള കേന്ദ്ര ഗവൺമെൻറിൻറെ അലോട്ട്മെൻറ് എത്രയാണ് ? അതിൽ നമുക്ക് എത്ര രൂപയുണ്ട് ? നമ്മുടെ സംസ്ഥാനം തൊഴിലില്ലായ്മകൊണ്ട് വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സംസ്ഥാനമാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് പ്രത്യേകമായി വല്ലതും ലഭിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഇൻഡ്യക്ക് മുഴുവനുമായിട്ടുള്ള അലോട്ടുമെൻറാണ് കേന്ദ്ര ഗവൺമെൻറ് കണക്കാക്കിയിട്ടുള്ളത്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പതിമൂന്നായിരം പേർക്ക് നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഓരോ സംസ്ഥാനത്തെയും ആപ്ലിക്കേഷൻസ് പരിഗണിച്ചിട്ടാണ് ഗവൺമെൻറ് തീരുമാനിക്കുന്നത്. പതിമൂന്നായിരം പേർക്ക് കൊടുക്കുന്നത് പോരായെന്ന് കേന്ദ്ര ഗവൺമെൻറിനോട് പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിൻറെ ടോട്ടൽ അലോട്ടുമെൻറിൻറെ കണക്ക് പെട്ടെന്ന് പറയാൻ എൻറെ കയ്യിലില്ല.

തീപ്പെട്ടി വ്യവസായം

* 157 [160] ശ്രീ. കെ. പി. എ. മജീദ് :
,, പി. സീതി ഹാജി :
,, സി. ടി. അഹമ്മദാലി :
,, നാലകത്ത് സൂപ്പി :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീപ്പെട്ടി വ്യവസായങ്ങൾക്ക് ആവശ്യമായ സോഫ്റ്റ് വുഡ് തമിഴ്നാട്ടിലേക്ക് കടത്തിക്കൊണ്ടുപോകുന്നതുമൂലം സംസ്ഥാനത്തിലെ തീപ്പെട്ടി വ്യവസായം പ്രതിസന്ധിയിലാണ് എന്ന വിവരം ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സോഫ്റ്റ് വുഡ് ആവശ്യാനുസരണം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഇതേപ്പറ്റി ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വനം വകുപ്പിൽ നിന്ന് ലഭ്യമായ വെള്ളമരത്തിൽ അൻപതു ശതമാനം സർക്കാർ തീരുമാനപ്രകാരം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അലോട്ടു ചെയ്യുന്നതിന് നീക്കിവച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന വെള്ളമരം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അവയുടെ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിൽ ആനുപാതികമായി വിതരണം ചെയ്തു വരുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിവേദനത്തിൽ 'സോഫ്റ്റ് വുഡ്' അന്യ സംസ്ഥാനങ്ങളിൽ കടത്തിക്കൊണ്ടുപോകുന്നു എന്ന പൊതുവായ ഒരു പരാതിയാണ് ഉന്നയിച്ചിട്ടുള്ളത്. പ്രത്യേകം സംഭവങ്ങളൊന്നും എടുത്തു പറഞ്ഞിട്ടില്ല. എല്ലാത്തരം വെള്ളമരങ്ങളും മുറിക്കും, വിറകും സംസ്ഥാനത്തിനു പുറത്തേക്ക് കടത്തിക്കൊണ്ടുപോകുന്നത് നിയമംമൂലം ഗവൺമെന്റ് നിയന്ത്രിച്ചിട്ടുണ്ട്. നിയമം ലംഘിക്കുന്നതായി കണ്ടുപിടിച്ചാൽ നടപടികളും എടുക്കുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ് : തീപ്പെട്ടി വ്യവസായത്തിന് സോഫ്റ്റ് വുഡ് ലഭ്യമാകാൻ വളരെ പ്രയാസമുള്ള ഈ സാഹചര്യത്തിൽ അവരുടെ ആവശ്യത്തിനനുസരണമായി ഉപയോഗിക്കത്തക്കരീതിയിൽ സോഫ്റ്റ് വുഡ് ലഭ്യമാകാൻവേണ്ടി പുതിയതായി വല്ല സംവിധാനവും ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടിയെടുക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ചെറുകിട വ്യവസായികൾക്കുണ്ടായിരുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കുവാനാണ് ആദ്യം നടപടിയെടുത്തത്. അതിൻപ്രകാരമാണ് ഞാൻ (ബി) ഉത്തരത്തിൽ പറഞ്ഞിട്ടുള്ള ഈ മാറ്റങ്ങളെല്ലാം ഗവൺമെന്റ് വരുത്തിയിട്ടുള്ളത്. അതനുസരിച്ചുള്ള നിലപാട് തുടരുന്നതുകൊണ്ട് പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച്

* 158. [161] ശ്രീ. വി. ജെ. തങ്കപ്പൻ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ലക്ഷം വീടുകൾ, അറ്റകുറ്റപ്പണി നടത്താത്തതുകാരണം തകർന്നു വീഴുന്നു. അവസ്ഥയിലാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ലക്ഷം വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.
(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

പശ്ചിമഘട്ട വനങ്ങൾ

* 159. [162] ശ്രീ. പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, പി. സീതി ഹാജി :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പശ്ചിമഘട്ട വനങ്ങളുടെ ശാസ്ത്രീയമായ പരിപാലനത്തിന് എന്തെങ്കിലും പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രധാനപ്പെട്ട പരിപാടികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly